ഉത്തരം

(എ&ബി) ഡോ. കെ. ജി. താര 17-7-2002-ൽ നിയമന ഉത്തരവ് നൽകി.

(സി) 1-10-2002.

(ഡി) ഇല്ല.

(ഇ) 17-7-2002-ലെ സർക്കാരിന്റെ നിയമന ഉത്തരവിൽ ജോലിയിൽ പ്രവേശിക്കേണ്ട തീയതി നിഷ്ക്കർഷിച്ചിട്ടില്ല.

(എഫ്) ശൂന്യവേതന അവധിയെടുത്ത് വിടുതൽ വാങ്ങിയിട്ടുണ്ട്.

(ജി&എച്ച്) ഇല്ല.

(ഐ) ക്രമാനുസൃതമല്ലെന്നുള്ള ആക്ഷേപം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

"ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിലെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി നിയമനം"

35 (2793) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ ഉള്ള നാച്വറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റി സ്ഥാപിച്ചപ്പോൾ അതിന്റെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റിയായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചത് ;

(സി) ഈ പോസ്റ്റിലേക്കുള്ള നിയമനത്തിന് ഏതൊക്കെ പത്രത്തിൽ പരസ്യം കൊടുത്തിരുന്നോ ;

(ഡി) പത്രത്തിൽ പരസ്യം കൊടുത്തില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പോസ്റ്റിലേക്ക് നിയമിക്കപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട പ്രായപരിധി എത്രയായിരുന്നു ;

(എഫ്) ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്നതിന് അപേക്ഷിക്കുകയും നിയമനം ലഭിക്കുകയും ചെയ്ത ആളിന് അപേക്ഷ തീയതിയിലും ഇന്റർവ്യൂ തീയതിയിലും എത്ര വയസ് പൂർത്തിയായിരുന്നു ;

(ജി) പ്രസ്തുത ഉദ്യോഗസ്ഥന്റെ അപേക്ഷാ തീയതിയും ഇന്റർവ്യൂ തീയതിയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഡെപ്യൂട്ടേഷൻ വഴി പ്രസ്തുത പോസ്റ്റിലേക്ക് നിയമനം ലഭിച്ച ഉദ്യോഗസ്ഥന്റെ ജനന തീയതി എത്രയാണ് ;

(ഐ) പ്രസ്തുത ഉദ്യോഗസ്ഥന് നിർദ്ദിഷ്ട തീയതിയിൽ പ്രായപൂർത്തിയായിട്ടില്ലാത്ത പക്ഷം അദ്ദേഹത്തിന് എപ്രകാരമാണ് നിയമനം നൽകിയതെന്ന് വിശദീകരിക്കുമോ ;

(ജെ) പ്രസ്തുത ഇന്റർവ്യൂവിലും നിയമനത്തിലും നടന്ന ക്രമക്കേട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) നിയമിച്ചിട്ടുണ്ട്. ഡോ. കെ. ജി. താരയെ.

(സി&ഡി) താൽക്കാലികമായ ഡെപ്യൂട്ടഷൻ നിയമനമായതിനാൽ പത്ര പരസ്യം നൽകിയിട്ടില്ല. എന്നാൽ ചില സ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് എഴുതിയിരുന്നു.

(ഇ) 40-നും 60-നും മദ്ധ്യേ.

(എഫ്) അപേക്ഷാ തീയതിയിൽ 39 വയസ് 3 മാസം 25 ദിവസം. ഇന്റർവ്യൂ തീയതിയിൽ 39 വയസ്സ് 8 മാസം.

(ജി) അപേക്ഷാ തീയതി 15-11-1999. ഇന്റർവ്യൂ തീയതി, 21-3-2000.

(എച്ച്) 21-7-1960.

(ഐ&ജെ) യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഉദ്യോഗസ്ഥയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയാണ് ചെയ്തത്. നിയമനത്തിൽ അപാകതയുണ്ടെന്ന് തോന്നുന്ന പക്ഷം പരിശോധിച്ച് വേണ്ട നടപടിയെടുക്കുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള 'ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തികയിലേക്കുള്ള നിയമനം

36 (2794) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള 'ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തികയിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത് ;

(സി) പ്രസ്തുത നിയമനത്തിന് ആവശ്യപ്പെട്ടിരുന്ന യോഗ്യതകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly